## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4946 27.10.2016-ൽ മറുപടിയ്ക്ക്

## ജില്ലാകളക്ടേറ്റുകളിൽ കടലാസ് രഹിത ഫയൽമാനേജ്മെന്റ് സിസ്റ്റം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ജില്ലാകളക്ടേറ്റുകളിൽ കടലാസ്സ് രഹിത ഫയൽമാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) ആദ്യഘട്ടത്തിൽ എത്ര കളക്ടേറ്റുകളിലാണ് ഈ സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടേറ്റുകളിലും കടലാസ്സ് രഹിത ഫയൽമാനേജ്മെന്റ് സിസ്റ്റമായ "ഇ-ഓഫീസ്" നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള ഭരണാനുമതി 16.07.2015 ലെ സർക്കാർ ഉത്തരവ് (കൈ.)നം.22/2015/വി.സാ.വ. പ്രകാരം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത് ടെൻഡറിംഗ് നടപടികൾ പൂർത്തിയാക്കിയശേഷം ഐ.റ്റി.മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) ഈ സംവിധാനം ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (KSITM) മുഖേനയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) ആണ് "ഇ-ഓഫീസ്" സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ